**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2354** **12-12-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികൾ അമിത നിരക്ക് ഈടാക്കുന്നതായി പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അമിത നിരക്ക് ഈടാക്കിയതുമായി ബന്ധപ്പെട്ട ലഭിക്കുന്ന പരാതികൾ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം അതതു ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്ക് അന്വേഷണത്തിനായി കൈമാറുകയും, അനന്തരനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | സ്വകാര്യ ആശുപത്രികളിലെ ചികിത്സ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും 2018-ൽ സർക്കാർ പാസ്സാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളുടെയും മറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് 2018 പ്രകാരം 01/01/2019 മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം ലാബുകളുടെയും ആശുപത്രികളുടെയും രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതതു ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് നൽകി വരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുകളുടെയും അറിവിലേക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തു ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ ഡിജിറ്റൽ ആയോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ് സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ് സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്കു കൂടി മനസിലാകത്തക്ക വിധത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താത്കാലിക രജിസ്ട്രേഷൻ നടപടികൾ നടന്നു വരികയാണ്. തുടർന്ന് സ്ഥിരം രജിസ്ട്രേഷൻ നൽകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താവുന്നതാണ്. |
| (സി) | പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികൾ ഓരോ ചികിൽസയുടെയും നിരക്ക് പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ നിയമത്തിലെ എല്ലാ വ്യവസ്ഥകളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വെളിപ്പെടുത്തുമോ; | (സി) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് 2018 പ്രകാരം 01/01/2019 മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം ലാബുകളുടെയും ആശുപത്രികളുടെയും രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതതു ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് നൽകി വരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുകളുടെയും അറിവിലേക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തു ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ ഡിജിറ്റൽ ആയോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ് സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ് സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്കു കൂടി മനസിലാകത്തക്ക വിധത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താത്കാലിക രജിസ്ട്രേഷൻ നടപടികൾ നടന്നു വരികയാണ്. തുടർന്ന് സ്ഥിരം രജിസ്ട്രേഷൻ നൽകുന്ന മുറയ്ക്ക് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താവുന്നതാണ്. |
| (ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന്റെ പേരിൽ സംസ്ഥാനത്ത് ഏതെങ്കിലും ആശുപത്രികൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ആയതിൻ പ്രകാരം അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | പരാതികൾ ലഭിച്ചിട്ടുണ്ട്. അത്തരം പരാതികൾ ബന്ധപ്പെട്ട ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്ക് നടപടികൾ സ്വീകരിക്കുന്നതിനായി കൈമാറിയിട്ടുണ്ട് . |
| (ഇ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ചാൽ എവിടെയാണ് പരാതിപ്പെടേണ്ടത് എന്നും അറിയിക്കുമോ? | (ഇ) | 2018 ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) നിയമത്തിലെ സെക്ഷൻ 36 പ്രകാരം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ 19.03.2021 തീയതിയിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പരാതി പരിഹാര കമ്മിറ്റി മുൻപാകെ പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ